മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ, കേരളം
Chief Electoral Officer, Kerala

# ഒരു വോട്ട്
ജനാധിപത്യത്തിന് ഒരു വോട്ട്

MAY 2025

SVEEP

Volume-1
Issue - 2

# തിരഞ്ഞെടുപ്പ് പ്രക്രിയയും വോട്ടർമാരുടെ സൗകര്യവും മെച്ചപ്പെടുത്തുന്നതിനായി കഴിഞ്ഞ 100 ദിവസത്തിനുള്ളിൽ 21 സംരംഭങ്ങൾ

വോട്ടർമാരുടെ അനുഭവം മെച്ചപ്പെടുത്തുന്നതിനും തിരഞ്ഞെടുപ്പ് മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനുമുള്ള സുപ്രധാന ശ്രമത്തിൽ, ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ (ECI) കഴിഞ്ഞ 100 ദിവസത്തിനുള്ളിൽ 21 പുതിയ സംരംഭങ്ങൾ ആരംഭിച്ചു. നടപടിക്രമ പരിഷ്കാരങ്ങൾ, കപ്പാസിറ്റേഷൻ പ്രോഗ്രാമുകൾ, താൽപ്പര്യമുള്ള കക്ഷികളുടെ പങ്കാളിത്തം എന്നിവ ഈ നടപടികളിൽ ഉൾപ്പെടുന്നു. 26ാമത് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ശ്രീ ഗ്യാനേഷ് കുമാറിന്റെ ആദ്യ 100 ദിവസങ്ങൾ പ്രായോഗികവും സജീവവുമായ നടപടികളിലൂടെ സജീവമായിരുന്നു. 2025 മാർച്ചിൽ നടന്ന ചീഫ് ഇലക്ടറൽ ഓഫീസർമാരുടെ (സിഇഒ) കോൺഫറൻസിൽ തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ ഡോ. സുഖ്ബീർ സിംഗ് സന്ധു, ഡോ. വിവേക് ജോഷി എന്നിവരുടെ സാന്നിധ്യത്തിലാണ് ECIയുടെ നവീന കാഴ്ചപ്പാട് സിഇസി അനാവരണം ചെയ്തത്.വോട്ടർമാരുടെ സൗകര്യാർത്ഥം, ഒരു പോളിംഗ് സ്റ്റേഷനിൽ പരമാവധി വോട്ടർമാരുടെ എണ്ണം 1,500 ൽ നിന്ന് 1,200 ആയി ECI പരിഷ്കരിച്ചു. ജനസാന്ദ്രതയേറിയ പ്രദേശങ്ങളിൽ അധിക പോളിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കും. ഒരു വോട്ടർക്കും വോട്ടുചെയ്യാൻ രണ്ട് കിലോമീറ്ററിൽ കൂടുതൽ സഞ്ചരിക്കേണ്ടതില്ലെന്ന് ഉറപ്പാക്കാനാണ് കമ്മീഷൻ ലക്ഷ്യമിടുന്നത്. വോട്ടർമാർക്കായുള്ള ഇൻഫർമേഷൻ ബുള്ളറ്റിനുകൾ കൂടുതൽ വ്യക്തതയ്ക്കായി പുനർരൂപകൽപ്പന ചെയ്തിട്ടുണ്ട്. വോട്ടർ പട്ടികയിലെ സീരിയൽ നമ്പറുകൾ, ഭാഗം എന്നിവ വോട്ടർമാർക്ക് വ്യക്തമായി മനസ്സിലാക്കുന്നതിന് പരിഷ്ക്കരിച്ചിട്ടുണ്ട്. ഓരോ പോളിംഗ് സ്റ്റേഷന്റെയും പ്രവേശന കവാടത്തിൽ മൊബൈൽ ഡെപ്പോസിറ്റ് സൗകര്യം സ്ഥാപിക്കും. സ്ഥാനാർത്ഥികൾ സ്ഥാപിച്ച ബൂത്തുകൾ പോളിംഗ് സ്റ്റേഷനുകളുടെ 200 മീറ്ററിന് പകരം പോളിംഗ് സ്റ്റേഷന്റെ പ്രവേശന കവാടത്തിൽ നിന്ന് 100 മീറ്ററിന് അപ്പുറം അനുവദിക്കും. ലളിതമായ ഒരു ഉപയോക്തൃ ഇന്റർഫേസ് സുഗമമാക്കുന്നതിന്, നിലവിലുള്ള 40ലധികം ആപ്ലിക്കേഷനുകൾ/വെബ്സൈറ്റുകൾക്ക് പകരം താൽപ്പര്യമുള്ള എല്ലാ കക്ഷികൾക്കും എല്ലാ സേവനങ്ങളും ഒരൊറ്റ പോയിന്റിൽ നൽകുക എന്ന ലക്ഷ്യത്തോടെ ഒരു പുതിയ ഇന്റഗ്രേറ്റഡ് കൺട്രോൾ പാനൽ ECINET വികസിപ്പിച്ചെടുത്തിട്ടുണ്ട്. ECINETന്റെ ചില മൊഡ്യൂളുകൾ നിലവിലെ ഉപതിരഞ്ഞെടുപ്പുകളിൽ ലഭ്യമാകും.



ബീഹാർ നിയമസഭാ തിരഞ്ഞെടുപ്പിന്റെ സമയമാകുമ്പോൾ ബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും ഉപയോഗിക്കാൻ സഹായകമായ വിധം ഡാഷ് ബോർഡ് സജ്ജമാകും. രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലുള്ള മരണ വിവരം രേഖപ്പെടുത്തിയ രജിസ്ട്രിയിലെ ഡാറ്റയുടെ നേരിട്ടുള്ള സംയോജനം വഴി, വോട്ടർ പട്ടികയിൽ ഉൾപ്പെട്ട മരണപ്പെട്ട വോട്ടർമാരുടെ വിവരം പരിശോധിച്ചുറപ്പിച്ചു നീക്കം ചെയ്യാൻ ECI നടപടി ആരംഭിച്ചു. ഫീൽഡ് ലെവലിലെ പരിശോധനയ്ക്ക് ശേഷം അപ്ഡേറ്റുകൾ നടത്തുന്നതിനൊപ്പം ബൂത്ത് ലെവൽ ഓഫീസർമാർ (ബി. എൽ. ഒ) പരിശോധനയിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നത് തുടരും. 1950ലെ ജന പ്രാതിനിധ്യ നിയമം അനുശാസിക്കുന്ന പ്രകാരം ഒരു ഉപ തിരഞ്ഞെടുപ്പിന് മുമ്പ് ഒരു സ്പെഷ്യൽ സമ്മറി റിവിഷൻ നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ ആദ്യമായി സ്വീകരിക്കപ്പെട്ട നടപടിയാണ് ഇത്. രാഷ്ട്രീയ പ്രവർത്തകരുമായുള്ള പതിവ് ആശയവിനിമയം ക്രിയാത്മകമാക്കുന്നതിന്റെ ഭാഗമായി, 28,000ത്തിലധികം രാഷ്ട്രീയ പാർട്ടി പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട്, രാജ്യത്തുടനീളം 4,719 യോഗങ്ങൾ തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തുകയുണ്ടായി. സിഇഒ തലത്തിൽ 40 യോഗങ്ങളും ഡിഇഒ തലത്തിൽ 800 യോഗങ്ങളും ഇആർഒ തലത്തിൽ

ബൂത്ത് ലെവൽ ഓഫീസർമാർക്കും (ബി. എൽ. ഒ) ബൂത്ത് ലെവൽ ഏജന്റുമാർക്കും (ബി. എൽ. എ) വേണ്ടിയുള്ള പരിശീലന പരിപാടികൾ ECI വിപുലീകരിച്ചു. 3,500ലധികം ബി. എൽ. ഒ/ബി. എൽ. ഒ സൂപ്പർവൈസർമാർക്ക് ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെമോക്രസി ആൻഡ് ഇലക്ടറൽ മാനേജ്മെന്റ് ഓഫ് ഇന്ത്യയിൽ (ഐഐഐഡിഇഎം)ൽ പരിശീലനം നൽകിയിട്ടുണ്ട്. വരും വർഷങ്ങളിൽ ഒരു ലക്ഷത്തിലധികം ബി. എൽ.ഒ സൂപ്പർവൈസർമാർക്ക് പരിശീലനം നൽകുകയും ഇവർ തങ്ങളുടെ തന്നെ 10.5 ലക്ഷത്തിലധികം വരുന്ന വലിയൊരു വിഭാഗത്തെ പരിശീലിപ്പിക്കുന്നതും ലക്ഷ്യമിടുന്നു. ഈ വർഷം ജൂലായ് പകുതിയോടെ, 6000ത്തിലധികം ബി. എൽ. ഓ/ബി. എൽ. ഓ. സൂപ്പർവൈസർമാർക്ക് 20 ബാച്ചുകളായി പരിശീലനം ലഭിക്കും. സമീപഭാവിയിൽ തിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന ബീഹാർ, തമിഴ്നാട്, പുതുച്ചേരി, പശ്ചിമ ബംഗാൾ, കേരളം, അസം തുടങ്ങിയ സംസ്ഥാനങ്ങൾക്ക് പ്രത്യേക പരിഗണന നൽകും. തിരിച്ചറിയൽ, സമീപനം എന്നിവയ്ക്ക് സഹായകമായ വിധം എല്ലാ ബി. എൽ. ഒമാർക്കും നിശ്ചിത മാനദണ്ഡത്തിലുള്ള ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡുകൾ നൽകും. ബീഹാർ, തമിഴ്നാട്, പുതുച്ചേരി എന്നിവിടങ്ങളിലെ അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ ബി. എൽ. എ. മാരെപങ്കെടുപ്പിച്ച് ആദ്യ ബാച്ച് ഐ. ഐ. ഐ. ഡി. ഇ. എമ്മിൽ പരിശീലനം പൂർത്തിയാക്കിവരുന്നു. പൊതു ആശയവിനിമയത്തിന്റെ ഗുണനിലവാരവും സമയനിഷ്ഠയും മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ മാധ്യമങ്ങളുമായുള്ള പ്രതിബദ്ധതയെക്കുറിച്ച് സി. ഇ. ഒ മീഡിയ സെല്ലുകളിലെ ഉദ്യോഗസ്ഥർക്ക് ഒരു ഓറിയന്റേഷൻ നല്കിയിട്ടുണ്ട്. കൂടാതെ, തിരഞ്ഞെടുപ്പ് നടപടികളിലെ ബഹുതല സ്വഭാവം കണക്കിലെടുത്ത് ബീഹാർ സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥർക്കായി പരിശീലന സെഷനുകൾ നടത്തിയിട്ടുണ്ട്.. വിവിധ തിരഞ്ഞെടുപ്പ് പ്രക്രിയകളിൽ ഭാഗമായ 28 വിഭാഗങ്ങളിലുള്ള ഗുണഭോക്താക്കളെ കണ്ടെത്തി പരിശീലനം നൽകുന്നതിന് പദ്ധതിയൊരുക്കിയിട്ടുണ്ട്. 1950ലെയും 1951ലെയും




ജനപ്രാതിനിധ്യ നിയമങ്ങൾ, 1960ലെ ഇലക്ടറൽ റെജിസ്ട്രേഷൻ ചട്ടങ്ങൾ, 1961ലെ ഇലക്ഷൻ നടത്തിപ്പ് ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകളും തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശങ്ങളും അടിസ്ഥാനമാക്കിയുള്ളതാണ് ഈ മൊഡ്യൂളുകൾ. മേൽ പരാമർശിച്ച വിഭാഗങ്ങൾക്ക് ഐ. ഐ. ഐ. ഡി. ഇ. എമ്മിൽ പരിശീലനവും ലഭിക്കും. മറ്റ് പരിഷ്കാരങ്ങൾക്കൊപ്പം, ഇസിഐ അതിന്റെ ആസ്ഥാനത്ത് ബയോമെട്രിക് ഹാജർ സംവിധാനം നടപ്പാക്കുകയും ഇഓഫീസ് സംവിധാനം സജീവമാക്കുകയും സിഇഒ തലത്തിൽ പതിവായി അവലോകന യോഗങ്ങൾ ആരംഭിക്കുകയും ചെയ്തു. ആഭ്യന്തര ഏകോപനവും പ്രവർത്തനക്ഷമതയും മെച്ചപ്പെടുത്തുകയാണ് ഈ നടപടികളുടെ ലക്ഷ്യം. ന്യൂഡൽഹിയിലെ ഐഐഐഡിഇഎമ്മിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫ് ഇന്ത്യയെ പ്രതിനിധീകരിക്കുന്ന അഭിഭാഷകരുടെ ദേശീയ സമ്മേളനവും ECI വിളിച്ചുചേർത്തു. സുപ്രീം കോടതി, 28 ഹൈക്കോടതികൾ രാജ്യത്താകമാനമുള്ള അവയുടെ വിവിധ ബെഞ്ചുകൾ എന്നിവിടങ്ങളിലെ സീനിയർ അഭിഭാഷകർ, എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ഉദ്യോഗസ്ഥർ, 36 സിഇഒമാർ എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു. ഉയർന്നുവരുന്ന വെല്ലുവിളികളെ കൂടുതൽ ഫലപ്രദമായി നേരിടാൻ സമന്വയങ്ങൾ വികസിപ്പിക്കുകയും കമ്മീഷന്റെ നിയമ ചട്ടക്കൂട് പുനഃക്രമീകരിക്കുകയും ചെയ്യുക എന്നതായിരുന്നു ഈ സംരംഭത്തിന്റെ ലക്ഷ്യം.

# ഉപതിരഞ്ഞെടുപ്പിന് ഒരുങ്ങി നിലമ്പൂർ

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ അതിവേഗം പുരോഗമിക്കുകയാണ്. കേരളത്തിന്റെ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ. യു. കേൽക്കർ ഐഎഎസിന്റെ നേതൃത്വത്തിൽ മികച്ച രീതിയിൽ ഉപതിരഞ്ഞെടുപ്പ് നടത്താനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് പിന്നാലെ ഉപതിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ വീഡിയോ കോൺഫറൻസിലൂടെ അവലോകനം ചെയ്യുന്നതിനായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ (സിഇഒ) ഉന്നതതല യോഗം വിളിച്ചുചേർത്തു. ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി, സബ് കളക്ടർ, മറ്റ് മുതിർന്ന തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടെ ജില്ലയിലെ പ്രധാന ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു.



തിരഞ്ഞെടുപ്പ് നിയമങ്ങൾ, ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ എന്നിവയൊക്കെ കർശനമായി പാലിച്ചുകൊണ്ടാണ് തിരഞ്ഞെടുപ്പ് നടപടികൾ സ്വീകരിക്കുന്നത് എന്നും, ഭരണപരവും സുരക്ഷാപരവുമായ ക്രമീകരണങ്ങളുടെ മുന്നൊരുക്കവും യോഗത്തിൽ സിഇഒ വിലയിരുത്തി വോട്ടർ പട്ടിക പരിഷ്ക്കരണം, പോളിംഗ് സ്റ്റേഷനുകളുടെ ഒരുക്കം, തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ വിന്യാസം, സുരക്ഷാ ക്രമീകരണങ്ങൾ, വോട്ടർ ബോധവൽക്കരണ സംരംഭങ്ങൾ തുടങ്ങിയ നിർണായക വശങ്ങളെക്കുറിച്ചും യോഗം വിശദമായി ചർച്ച ചെയ്തു. സമാധാനപരമായ പോളിംഗ് ഉറപ്പാക്കുന്നതിനും മതിയായ സുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള നടപടികളിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചു. ബന്ധപ്പെട്ട എല്ലാ വകുപ്പുകളുമായും ഏകോപിപ്പിച്ച് നടപ്പിലാക്കുന്ന സമഗ്രമായ കർമ്മ പദ്ധതിയെക്കുറിച്ച് ജില്ലാ കളക്ടർ സിഇഒയെ അറിയിച്ചു. പ്രശ്നസാധ്യതയുള്ള സ്ഥലങ്ങളിൽ ഉദ്യോഗസ്ഥരെ വിന്യസിക്കുക, നിരീക്ഷണ സംവിധാനങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കുക എന്നിവയുൾപ്പെടെ മതിയായ സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ജില്ലാ പോലീസ് മേധാവി ഉറപ്പ് നൽകി. ജൂൺ 19ന് രാവിലെ 7 മണി മുതൽ വൈകുന്നേരം 6 മണി വരെയാണ് പോളിംഗ് സമയം. വോട്ടർമാർക്ക് ഏറ്റവും സൗകര്യപ്രദമായ സൗകര്യങ്ങളാണ് അനുബന്ധിച്ച് ഒരുക്കിയിട്ടുള്ളത്.

# രാഷ്ട്രീയ പാർട്ടികളുമായി ക്രിയാത്മക ചർച്ച നടത്തി തിരഞ്ഞെടുപ്പ് കമ്മീഷൻ


ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ദേശീയ, സംസ്ഥാന രാഷ്ട്രീയ പാർട്ടികളുമായി ആശയവിനിമയം ആരംഭിച്ചു. ഈ ആശയവിനിമയങ്ങൾ ദേശീയ, സംസ്ഥാന പാർട്ടി അധ്യക്ഷന്മാർക്ക് അവരുടെ നിർദ്ദേശങ്ങളും ആശങ്കകളും കമ്മീഷനുമായി നേരിട്ട് പങ്കുവെക്കാൻ അവസരം നൽകുന്ന ക്രിയാത്മകമായ ചർച്ചകൾക്ക് വഴിയൊരുക്കും. നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി, തിരഞ്ഞെടുപ്പ് പ്രക്രിയ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള കമ്മീഷന്റെ വിശാലമായ കാഴ്ചപ്പാടിന്റെ ഭാഗമാണിത്. ആദ്യ ഘട്ടത്തിൽ ബഹുജൻ സമാജ് പാർട്ടിയുടെ ദേശീയ അധ്യക്ഷ കുമാരി മായാവതിയുടെ നേതൃത്വത്തിലുള്ള സംഘവുമായും, ഭാരതീയ ജനതാ പാർട്ടി (BJP) ദേശീയ പ്രസിഡന്റ്, ശ്രീ ജഗത് പ്രകാശ് നദ്ദയുടെ സംഘവുമായും,സിപിഎം ജനറൽ സെക്രട്ടറി എം എ ബേബിയുമായും മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ശ്രീ. ഗ്യാനേഷ് കുമാറും കമ്മീഷണർമാരായ ഡോ. സുഖ്ബീർ സിംഗ് സന്ധുവുംഡോ. വിവേക് ജോഷിയും ചർച്ച നടത്തി. ഇതിനുമുൻപ് ദേശീയതലത്തിൽ 4,719 സർവ്വകക്ഷി യോഗങ്ങൾ കമ്മീഷൻ സംഘടിപ്പിക്കുകയും, ഇതിൽ 28,000ത്തിലധികം രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ പങ്കെടുക്കുകയും ചെയ്തിരുന്നു.






# ഫീൽഡ് തല തിരഞ്ഞെടുപ്പ് പ്രവർത്തകർക്ക് പരിശീലനം നൽകി

ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ (ECI) ഇന്ത്യ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെമോക്രസി ആന്റ് ഇലക്ഷൻ മാനേജ്മെന്റിൽ (IIIDEM) 2,300ലധികം ഫീൽഡ് തല തിരഞ്ഞെടുപ്പ് പ്രവർത്തകരെ പരിശീലിപ്പിച്ച് ചരിത്ര നേട്ടം സ്വന്തമാക്കി. ഇതിന്റെ ഭാഗമായി ഡൽഹിയിൽ, തമിഴ്നാട്, പുതുച്ചേരി സംസ്ഥാനങ്ങളിൽ നിന്നുള്ള 293 പേരടങ്ങുന്ന തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കായി തമിഴ് ഭാഷയിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. ഇതിൽ ബി എൽ ഒ സൂപ്പർവൈസർമാർ, ഇലക്ഷൻ രജിസ്ട്രേഷൻ ഓഫീസർമാർ (EROs), ജില്ലാ ഇലക്ഷൻ ഓഫീസർമാർ (DEOs) തുടങ്ങിയവർ ഉൾപ്പെടുന്നു. പരിശീലനത്തിന്റെ ഉദ്ഘാടന വേളയിൽ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ബി എൽ ഒമാർക്ക് തിരഞ്ഞെടുപ്പ് പ്രക്രിയയിലുള്ള പ്രാധാന്യം ഓർമിപ്പിച്ചു. രണ്ട് ദിവസത്തെ പരിശീലന പരിപാടിയിൽ ഇന്ററാക്റ്റീവ് സെഷനുകൾ, ഐ.ടി. ഉപകരണങ്ങളുടെ ഉപയോഗം, തിരഞ്ഞെടുപ്പ് ഫോമുകൾ RP ആക്ട് 1950 പ്രകാരമുള്ള അപ്പീൽ നടപടികൾ എന്നിവയെ കുറിച്ചും ഉദ്യോഗസ്ഥരെ വിശദമായി പരിചയപ്പെടുത്തുകയും ചെയ്തു.





# നിലമ്പൂർ നിയസഭാ മണ്ഡലത്തിലെ അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു

നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ 2025 ഏപ്രിൽ 1 ന് യോഗ്യതാ തീയതിയാക്കി നടത്തിയ പ്രത്യേക സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കലിന്റെ അടിസ്ഥാനത്തിൽ അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ശ്രീമതി സിന്ധു എം.പി. രാഷ്ട്രീയ പാർട്ടികൾക്ക് വോട്ടർ പട്ടികയുടെ പകർപ്പുകൾ കൈമാറി. നിലവിൽ മണ്ഡലത്തിലെ ആകെ വോട്ടർമാരുടെ എണ്ണം 2,32,384 ആയി, ഇതിൽ 1,13,486 പുരുഷന്മാരും, 1,18,889 സ്ത്രീകളും, 9 മൂന്നാം ലിംഗം വോട്ടർമാരുമാണ്. ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് വിതരണം 100% പൂർത്തിയായി. 59 പുതിയ പോളിംഗ് സ്റ്റേഷനുകൾ ചേർത്തതോടെ നിലവിൽ 263 പോളിംഗ് സ്റ്റേഷനുകൾ മണ്ഡലത്തിൽ നിലവിലുണ്ട്. ജനപ്രാതിനിധ്യനിയമം 1950ലെ സെക്ഷൻ 24 പ്രകാരം ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസറുടെ ഉത്തരവിനെതിരെ ജില്ലാ തിരഞ്ഞെടുപ്പ്



ഓഫീസർക്കും ആവശ്യമെങ്കിൽ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർക്കും അപ്പീൽ നൽകാനുള്ള അവസരവും വോട്ടർമാർക്ക് ഉണ്ടായിരുന്നു.

# തിരഞ്ഞെടുപ്പ് നിയമ രംഗത്തെ ശാക്തീകരണത്തിനായി ഇ.സി.ഐയുടെ ദേശീയ നിയമ സമ്മേളനം

രാജ്യത്തെ തിരഞ്ഞെടുപ്പ് വ്യവസ്ഥയുടെ നിയമരംഗം ശക്തിപ്പെടുത്താനും നവീകരിക്കാനും ലക്ഷ്യമിട്ട് ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ (ഇസിഐ) ദേശീയ നിയമ കൗൺസിൽ അംഗങ്ങളെയും 36 ചീഫ് ഇലക്ടറൽ ഓഫീസർമാരെയും പങ്കെടുപ്പിച്ച് ഡൽഹിയിലെ ഇന്ത്യൻ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെമോക്രസി ആൻഡ് ഇലക്ഷൻ മാനേജ്മെന്റിൽ ദേശീയ സമ്മേളനം സംഘടിപ്പിച്ചു. ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചീഫ് ഇലക്ഷൻ കമ്മീഷണർ ഗ്യാനേഷ് കുമാറും കമ്മീഷണർമാരായ ഡോ. സുഖ്ബിർ സിംഗ് സന്ധു, ഡോ. വിവേക് ജോഷി എന്നിവരും ചേർന്ന് സമ്മേളനം ഉദ്ഘാടനം ചെയ്തു. സുപ്രീം കോടതിയിലും 28 ഹൈക്കോടതികളിലും നിന്ന് എത്തിയ മുതിർന്ന അഭിഭാഷകർ, നിയമ ഉപദേശകർ, സംസ്ഥാന തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, മറ്റ് നിയമ വിദഗ്ധർ തുടങ്ങി നിരവധി പ്രതിനിധികൾ പങ്കെടുത്തു. സമ്മേളനത്തിൽ, തിരഞ്ഞെടുപ്പ് നിയമങ്ങളിലെ വ്യവസ്ഥകളെ കൂടുതൽ സുതാര്യവും സമയോചിതവുമായ രീതിയിൽ നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ ചർച്ച ചെയ്യപ്പെട്ടു. കോടതിമുറിയിലെ നിയമ നടപടികൾ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ പ്രതിഫലിക്കുന്ന വിധത്തിൽ കൂടുതൽ ജാഗ്രതയും ശുദ്ധതയും ഉറപ്പാക്കേണ്ടതുണ്ടെന്നു വിലയിരുത്തൽ. നിയമപരിഷ്ക്കാരങ്ങൾക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാനും കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള നിയമപരമായ ഏകോപനം മെച്ചപ്പെടുത്താനും അംഗങ്ങൾ ചർച്ച ചെയ്തു. സമ്മേളനത്തിന്റെ ഭാഗമായി, ചീഫ് ഇലക്ടറൽ ഓഫീസർമാരുടെ പ്രത്യേക സമ്മേളനത്തിൽ ഇസിഐയുടെ പുതിയ ഐ.ടി. പദ്ധതികൾ



അവതരിപ്പിച്ചു. 'ECINET' എന്ന പേരിലുള്ള നവീകരിച്ച ഐ.ടി. പ്ലാറ്റ്ഫോം മുഖേന, വോട്ടർ പട്ടികയിൽ നിന്ന് തിരഞ്ഞെടുപ്പ് മാനേജുമെന്റ് വരെയുള്ള എല്ലാ ഡാറ്റകളും ഒരൊറ്റ പ്ലാറ്റ്ഫോമിൽ സമാഹരിക്കാൻ കഴിയും. ഇ-ഓഫീസ് സംവിധാനവും ബയോമെട്രിക് ഹാജർ സംവിധാനം ഉൾപ്പെടെയുള്ള പുതിയ ഇനിഷിയേറ്റീവുകൾ ഇസിഐയുടെ സേവനങ്ങളെ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതായി കമ്മീഷൻ അറിയിച്ചു. ഇത്തരത്തിലുള്ള സംവാദങ്ങൾ തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനം കൂടുതൽ നിയമപരമായ അടിസ്ഥാനത്തിൽ ആക്കുകയും, ജനവിശ്വാസം ശക്തിപ്പെടുത്തുകയും ചെയ്യുമെന്ന് സമാപന സന്ദേശത്തിൽ ചൂണ്ടിക്കാട്ടി.

# തൃശ്ശൂർ പൂരം എക്സ്ബിഷൻ : SVEEP ഇലക്ഷൻ പവലിയൻ



തൃശ്ശൂർ പൂരം എക്സ്ബിഷൻ 2025 ന്റെ ഭാഗമായി സജ്ജീകരിച്ച ഇലക്ഷൻ പവലിയൻ ജില്ലാ കളക്ടർ ശ്രീ. അർജുൻ പാണ്ഡ്യൻ ഐ എ എസ് ഉദ്ഘാടനം ചെയ്തു. ജില്ലാ ഇലക്ഷൻ ഓഫീസും തൃശ്ശൂർ **SVEEP (Systematic Voter Education and Electoral Participation)** ഉം ചേർന്നാണ് ഇലക്ഷൻ പവലിയൻ തയ്യാറാക്കിയിട്ടുള്ളത്. ഇലക്ഷൻ ആർക്കൈവുകൾ, ഇന്ത്യൻ ഇലക്ഷനുമായി ബന്ധപ്പെട്ട സുപ്രധാന വ്യക്തിത്വങ്ങൾ എന്നിവ ഉൾപ്പെടുന്ന ഫോട്ടോ എക്സിബിഷൻ, ഇലക്ഷൻ ബോധവൽക്കരണ ഡെസ്ക്, ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഡെസ്ക്, വോട്ടർ രജിസ്ട്രേഷൻ ഡെസ്ക്, 2024 ലെ ലോക്സഭ പൊതുതിരഞ്ഞെടുപ്പ് റീക്യാപ് വിഷയമായ ഡിജിറ്റൽ എക്സിബിഷൻ, തിരഞ്ഞെടുപ്പ് ബോധവൽക്കരണ മത്സരങ്ങൾ എന്നിവ പവലിയന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. തൃശ്ശൂർ പൂരത്തിന്റെ തലേദിവസമായ മെയ് 5 വരെയായിരുന്നു പവലിയൻ പ്രവർത്തനം.







**തൃശ്ശൂർ പൂരം എക്സ്ബിഷൻ**

---

# സംയോജിത GIS പോർട്ടൽ 'സുതാര്യം' നിലവിൽ വന്നു

മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയവും കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്ററും (KSREC) ചേർന്ന് വികസിപ്പിച്ച സംയോജിത GIS -പോർട്ടൽ 'സുതാര്യ'ത്തിന്റെ ഔപചാരികമായ ലോഞ്ചിംഗ് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ
ഡോ. രത്തൻ.യു.കേൽക്കർ ഐ.എ.എസ് (31/05/2025)ന് ഓൺലൈനായി നിർവ്വഹിച്ചു. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ സുതാര്യവും കാര്യക്ഷമവുമായ നിർവ്വഹണം ഉറപ്പാക്കുക എന്നതാണ് പോർട്ടലിന്റെ പ്രാഥമിക ലക്ഷ്യം. തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും ഈ പോർട്ടൽ ഉപയോഗപ്രദമാവും. ഉപയോക്തൃ സൗഹൃദപരമായി രൂപകൽപ്പനചെയ്തിട്ടുള്ള ഈ പോർട്ടലിലൂടെ ബൂത്ത് ലൊക്കേഷനുകൾ, വോട്ടർമാരുടെ എണ്ണം, ബൂത്തിനു സമീപമുള്ള സർക്കാർ ഓഫീസുകളുടെ വിവരം എന്നിവ പൊതുജനങ്ങൾക്ക് എളുപ്പത്തിൽ കണ്ടെത്താൻ കഴിയും. ഇതിലൂടെ തിരഞ്ഞെടുപ്പ് പ്രക്രിയ കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുമെന്നും, നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ഈ പോർട്ടൽ 2026 നിയമസഭാ തിരഞ്ഞെടുപ്പിൽ സംസ്ഥാന വ്യാപകമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതായും പോർട്ടൽ ലോഞ്ച് ചെയ്തു കൊണ്ട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ.രത്തൻ.യു.കേൽക്കർ ഐ.എ.എസ് പറഞ്ഞു. ഇതോടൊപ്പം ചേർത്തിട്ടുള്ള ലിങ്കും QR കോഡും ഉപയോഗിച്ച് പോർട്ടലിൽ പ്രവേശിക്കാവുന്നതാണ്.

**Website link: https://ksrec.in/sutharyam**





# ചരിത്ര ജാലകം

തിരഞ്ഞെടുപ്പുകളിൽ ഓരോ വോട്ടിന്റെയും വില അമൂല്യമാണ്. ഒരു വോട്ടിനു പോലും തിരഞ്ഞെടുപ്പ് ഫലങ്ങൾ മാറി മറിഞ്ഞ ചരിത്രം ഇന്ത്യൻ തിരഞ്ഞെടുപ്പിനുണ്ട്. 2004ൽ കർണാടക നിയമസഭ തിരഞ്ഞെടുപ്പിലേക്ക് നടന്ന തിരഞ്ഞെടുപ്പിലാണ് രാജ്യത്ത് ആദ്യമായി ഒരു സ്ഥാനാർഥി ഒരു വോട്ടിന് വിജയിക്കുന്നത്. ശാന്തൻ മഹാളി എന്ന നിയമസഭ മണ്ഡലത്തിൽ മത്സരിച്ച ജനതാദൾ സെക്ക്യുലാറിന്റെ എ ആർ കൃഷ്ണമൂർത്തി ആണ് കോൺഗ്രസ്സിന്റെ ആർ ധ്രുവ് നാരായണനോട് ഒരു വോട്ടിന് തോറ്റത്. കൃഷ്ണമൂർത്തിക്ക് 40751 വോട്ട് ലഭിച്ചപ്പോൾ വിജയിച്ച ധ്രുവ് നാരായണന് 40752 വോട്ടുകളാണ് ലഭിച്ചത്. 2008 രാജസ്ഥാൻ നിയമസഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിലാണ് മറ്റൊരു അട്ടിമറിവിജയത്തിന് രാജ്യം സാക്ഷ്യം വഹിച്ചത്. രാജസ്ഥാൻ പ്രേദേശ് കോൺഗ്രസ് കമ്മിറ്റി അധ്യക്ഷനും മുഖ്യമന്ത്രി സ്ഥാനത്തേക്ക് വരെ പരിഗണിച്ചിരുന്ന സി പി ജോഷിയാണ് ഒരു വോട്ടിന്റെ തോൽവി അറിഞ്ഞത്, നാഗ്ദോരാ നിന്ന് മത്സരിച്ച സി പി ജോഷി ബി ജെ പി യുടെ കല്ല്യാൺ സിംഗ് ചൗഹാനോടാണ് പരാജയമറിഞ്ഞത്. കല്ല്യാൺ സിംഗ് ചൗഹാൻ 62216 വോട്ട് നേടിയപ്പോൾ സി പി ജോഷിക്ക് 62215 വോട്ടുകൾ മാത്രമേ നേടാൻ കഴിഞ്ഞുള്ളു. രാജസ്ഥാനിൽ അത്തവണ കോൺഗ്രസ്സ് അധികാരം നേടിയെങ്കിലും മുഖ്യമന്ത്രി




സ്ഥാനാർഥിയായി പരിഗണിച്ചിരുന്ന സി പി ജോഷിക്ക് വിജയിക്കാനായില്ല. ഒരു വോട്ടിന് സി പി ജോഷിക്ക് നഷ്ടമായത് എം എൽ എ സ്ഥാനം മാത്രമല്ല മുഖ്യമന്ത്രി പദം കൂടിയാണെന്നാണ് രാഷ്ട്രീയ നിരീക്ഷകർ പറയുന്നത്. തിരഞ്ഞെടുപ്പ് ഫലത്തിനെതിരെ സിപി ജോഷി സുപ്രീം കോടതിയെ സമീപിച്ചെങ്കിലും ഹർജി തള്ളുകയായിരുന്നു. 2018 മിസോറാം നിയമസഭ തിരഞ്ഞെടുപ്പിൽ മിസോറാം നാഷണൽ ഫ്രണ്ട് സ്ഥാനാർഥി ലാൽ ശന്ത്മെ രല്ലാത്ത 3 വോട്ടുകൾക്കായിരുന്നു വിജയിച്ചത്. തിരഞ്ഞെടുപ്പിൽ ഓരോ വോട്ടും നിർണായകമാണെന്ന് പറയുന്നതും ഇത്തരം ചില ചരിത്ര സത്യങ്ങൾ കൂടി കൊണ്ടാണ്.

Lorem i

Website
https://www.ceo.kerala.gov.in/

Instagram :
https://www.instagram.com/ceokeralaof-fice?igsh=MWl4cDhzMXJ2bG-Zkbw%3D%3D&utm_source=qr

YouTube :
https://youtube.com/@chiefelectoralof-ficerkerala?si=mMpfFwJVwVNkY6WH

Facebook :
https://www.facebook.com/CEOKeralaOf-fice

X :
https://x.com/ceokerala?s=21

Linkedin :
https://www.linkedin.com/compa-ny/chiefelectoralofficer-kerala/

Youth Voter Participation and Electoral Awareness Survey:
https://docs.google.com/forms/d/e/1FAIpQLScmAgwOPueou79uaK-wNYt3S_7DEkx6Bz7SEKNlrudgmTwyNDg/viewform

TOLL FREE NUMBER:1950